**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2825** — **06-10-2025 - ൽ മറുപടിയ്ക്ക്**

**തുറമുഖങ്ങളിൽ നിന്നുള്ള മണൽ വില്പന**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി കെ. കെ. രമ</td><td colspan="2">ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ തുറമുഖങ്ങളിൽ നിന്നോ കപ്പൽ ചാലുകളിൽ നിന്നോ അനുബന്ധ പ്രദേശങ്ങളിൽ നിന്നോ നീക്കം ചെയ്യുന്ന മണലിന്റെ വില്പനയിലൂടെ മാരി ടൈം ബോർഡിന് ലഭിച്ച ആകെ വരുമാനം എത്രയാണ്; ഇനവും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;</td><td>(എ)</td><td>കേരള മാരിടൈം ബോർഡിന് കീഴിലുള്ള കൊടുങ്ങല്ലൂർ, കാസർഗോഡ്, പൊന്നാനി, ബേപ്പൂർ, അഴീക്കൽ, വടകര എന്നീ തുറമുഖങ്ങളിലെ കപ്പൽ ചാലുകളിൽ നിന്നും മാനുവൽ ഡ്രഡ്ജിങ് വഴി നീക്കം ചെയ്ത മണൽ വില്പന നടത്തിയതിലൂടെ ബോർഡിന് ലഭിച്ച തുക ചുവടെ ചേർക്കുന്നു.
<table>
<tr><td>വർഷം</td><td>തുക</td></tr>
<tr><td>2021-22</td><td>84,78,85,038</td></tr>
<tr><td>2022-23</td><td>65,52,80,041</td></tr>
<tr><td>2023-24</td><td>56,39,07,491</td></tr>
<tr><td>2024-25</td><td>49,89,60,972.73</td></tr>
<tr><td>2025-26</td><td>20,24,00,618</td></tr>
<tr><td>ആകെ തുക</td><td>2,76,84,34,160.73</td></tr>
</table></td></tr>
<tr><td>(ബി)</td><td>സംസ്ഥാനത്തെ ഹാർബറുകളിൽ നിന്നോ അനുബന്ധപ്രദേശങ്ങളിൽ നിന്നോ ഇപ്രകാരം മണൽവാരൽ തൊഴിലാളികൾ മുഖേന മണൽ നീക്കം നടത്തുന്ന ഹാർബറുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;</td><td>(ബി)</td><td>സംസ്ഥാനത്തെ ഹാർബറുകളിൽ നിന്നോ അനുബന്ധ പ്രദേശങ്ങളിൽ നിന്നോ തൊഴിലാളികൾ മുഖേന മണൽ നീക്കം നടത്തുന്നില്ല. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഹാർബറുകളുടെ ഡ്രഡ്ജിങ് പ്രവൃത്തികൾക്ക് ടെണ്ടർ മുഖേനയാണ് പ്രവൃത്തി ഏർപ്പാടാക്കി വരുന്നത്.</td></tr>
<tr><td>(സി)</td><td>വടകര തുറമുഖ പരിധിയിൽ കുറ്റ്യാടി പുഴയുടെ അഴിമുഖത്ത് ജലയാനങ്ങളുടെ സഞ്ചാരത്തിന് തടസ്സം സൃഷ്ടിക്കുന്ന മണൽ നീക്കം ചെയ്യുന്നതിന് മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്ക് ഡ്രെഡ്ജിങ് പെർമിറ്റ് അനുവദിക്കുന്ന ഇനത്തിൽ ഫീസ് ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈടാക്കുന്ന ഫീസ് തുകയുടെ വിശദാംശം ലഭ്യമാക്കാമോ;</td><td>(സി)</td><td>വടകര തുറമുഖ പരിധിയിൽ, കുറ്റ്യാടി പുഴയുടെ കോട്ടയ്ക്കൽ അഴിമുഖത്ത്, ജലയാനങ്ങളുടെ സഞ്ചാരത്തിന് തടസ്സം സൃഷ്ടിക്കുന്ന അഴിമുഖ ഭാഗങ്ങളിൽ നിന്ന്, മണൽ നീക്കം ചെയ്യുന്നതിന് വടകര, പയ്യോളി മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്ക് മാസംതോറുമുള്ള അപേക്ഷ പരിഗണിച്ച് മാനുവൽ ഡ്രഡ്ജിങ് പെർമിറ്റ് പുതുക്കി അനുവദിക്കുന്ന ഇനത്തിൽ ഫീസ് ഒന്നും ഈടാക്കുന്നില്ല.<br><br>എന്നാൽ മാനുവൽ ഡ്രഡ്ജിങ് പെർമിറ്റ് ഉടമ എന്ന നിലയിൽ മാനുവൽ ഡ്രഡ്ജിങ്ങിന് ഉപയോഗിക്കുന്ന</td></tr>
</table>

<table>
<tr><td></td><td></td><td></td><td>ജെട്ടികളുടെ ലൈസൻസ് ഫീസ് (Rs. 12,130+GST), കടവുകളുടെ രജിസ്ട്രേഷൻ ഫീസ് (Rs 13,785+GST), തോണികളുടെ പെർമിറ്റ്/ലൈസൻസ് ഫീസ് (1,215+GST) എന്നീ വാർഷിക നിരക്കുകളിൽ വടകര, പയ്യോളി മുനിസിപ്പാലിറ്റി സെക്രട്ടറിമാരിൽ നിന്നും തുക ഈടാക്കുന്നുണ്ട്.</td></tr>
<tr><td>(ഡി)</td><td>വടകര തുറമുഖ പരിധിയിൽ ഇപ്രകാരം ഡ്രെഡ്ജ് ചെയ്യപ്പെടുന്ന മണലിന്റെ നിലവിലുള്ള വില്പന വില എത്രയാണ്; ഇപ്രകാരം മണൽ വിൽപ്പന നടത്തുന്നതുമായി ബന്ധപ്പെട്ട മാരി ടൈം ബോർഡിന് ഉണ്ടാവുന്ന വിവിധ ചെലവുകളും അവയുടെ നിരക്കുകളും അറിയിക്കുമോ;</td><td>(ഡി)</td><td>03/10/2025 ലെ സ. ഉ. (കൈ.) നം. 24/2025/F&P പ്രകാരം വടകര തുറമുഖത്ത് മാനുവൽ ഡ്രഡ്ജിങ് മുഖേന ശേഖരിക്കപ്പെടുന്ന ഡ്രഡ്ജ്ഡ് മെറ്റീരിയലിന്റെ നിലവിലുള്ള വിൽപ്പന വില 1460/- രൂപയാണ്. ഇതുമായി ബന്ധപ്പെട്ട് മാരിടൈം ബോർഡിന് ഉണ്ടാകുന്ന വിവിധ ചെലവുകളും അവയുടെ നിരക്കുകളും ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ഇനം</th><th>നിരക്ക്</th></tr>
<tr><td>LSGD Share</td><td>100 per ton</td></tr>
<tr><td>Labour charge</td><td>725 per ton</td></tr>
<tr><td>Geology Royalty</td><td>80 per ton</td></tr>
<tr><td>GST of sand rate 5%</td><td>5% of 1460=73/-</td></tr>
<tr><td>GST of vehicle pass 18%</td><td>18% of 220= 39.60/-</td></tr>
<tr><td>Daily wage to Kadav supervisor (2 staff)</td><td>800 per day</td></tr>
<tr><td>Daily wage to Assistant Kadav supervisor (2 staff)</td><td>770 per day</td></tr>
<tr><td>Daily wage to Kadav Assistant (2 staff)</td><td>710 per day</td></tr>
</table>
<br>കൂടാതെ വാഹന പാസ് പ്രിന്റ് ചെയ്യുന്നതിനുള്ള ഹോളോഗ്രാം പേപ്പർ ലഭ്യമാക്കുന്നതിനുള്ള ചെലവ്, പെർമിറ്റ് ഉടമകൾ ലഭ്യമാക്കാതെ വരുമ്പോൾ, കമ്പ്യൂട്ടർ, പ്രിന്റർ പോലുള്ളവ ലഭ്യമാക്കുന്നതിനും അവ ഇടയ്ക്ക് റിപ്പയർ ചെയ്യുന്നതിനും ഉള്ള ചെലവുകൾ, കടവുകളിൽ സിസിടിവി സംവിധാനം സ്ഥാപിച്ചതിന്റെയും പരിപാലിക്കുന്നതിന്റെയും ചെലവുകൾ എന്നിവയും ബോർഡിന്റെ ചെലവുകളിൽ ഉൾപ്പെടുന്നു.</td></tr>
<tr><td>(ഇ)</td><td>വടകര തുറമുഖവുമായി ബന്ധപ്പെട്ട വിവിധയിനം ഫീസുകളിലൂടെയും ലൈസൻസുകൾ അനുവദിക്കുന്നതിലൂടെയും മാരി ടൈം ബോർഡിന് ലഭിക്കുന്ന ആകെ വരുമാനം എത്രയാണ്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?</td><td>(ഇ)</td><td>വടകര തുറമുഖത്ത് നിന്നും വിവിധയിനം ഫീസുകളിലൂടെയും ലൈസൻസ് അനുവദിക്കുന്നതിലൂടെയും ബോർഡിന് 2021-22 മുതൽ 2024-25 വരെ ലഭിച്ച വരുമാനം അനുബന്ധം 1 ആയി ചേർക്കുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| ഇനം | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|
| ജെട്ടികളുടെ ലൈസൻസ് ഫീസ്+ തോണികളുടെ പെർമിറ്റ്/ലൈസൻസ് ഫീസ്+ ജലയാനങ്ങളുടെ കേരളസംസ്ഥാന തുറമുഖ ഹാർബർ ക്രാഫ്റ്റ് ചട്ടങ്ങൾ 1970 പ്രകാരമുള്ള ലൈസൻസ് ഫീസ് | 62,480/- | 67,090/- | 67,800/- | 1,77,735/- |
| ഭൂമി/കെട്ടിടങ്ങൾ എന്നിവയിലൂടെ ലഭിക്കുന്ന വാടക/ഫീസ് | 84,600/- | 69,660/- | 2,26,170/- | 87,144/- |

സെക്ഷൻ ഓഫിസർ